"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - തിരുവനന്തപുരം നഗരസഭയിലെ ചെന്തിട്ട സർക്കിൾ ഓഫീസിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന - ശ്രീ സി.എം.ഫിറോസ്, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, ശ്രീ ശിവശങ്കരൻ നായർ ഓഫീസ് അറ്റൻഡന്റ് എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ.(സാധാ) നം.2853/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 16/12/2019

---

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 04.07.2012തീയതിയിലെ ഇ1(എസ്.സി 7/2012/TVM-Part A)14419/2012 നം.കത്ത്

2 25.10.2013 തീയതിയിലെ 59099/ഇയു2/12/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യഡയറക്ടറുടെ 21.02.2019 തീയതിയിലെ വി1-20269/2013 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിലെ ചെന്തിട്ട സർക്കിൾ ഓഫീസിൽ 27.02.2012-ാം തീയതി വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ തിരുവനന്തപുരം സതേൺ റേഞ്ച് നടത്തിയ മിന്നൽ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, നഗരസഭാ ജീവനക്കാരായ ശ്രീ സി . എം ഫിറോസ് , ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, ,ശ്രീ ശിവശങ്കരൻ നായർ ഓഫീസ് അറ്റൻഡന്റ് എന്നിവരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചതിന്റെ ഭാഗമായി പരാമർ ശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/ പത്രിക നൽകിയിരുന്നു. ആയതിന് ടിയാളുകൾ സമർപ്പിച്ച പ്രതിവാദ പത്രികയിൽ കൊല്ലം നഗരകാര്യമേഖലാ ജോയിന്റ് ഡയറക്ടർ മുഖേന നടത്തിയ പരിശോധന പ്രകാരം നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. കുറ്റാരോപണ മെമ്മോക്ക് മേൽ ജീവനക്കാർ സമർപ്പിച്ച മറുപടികളിന്മേൽ കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട് പ്രകാരം തിരുവനന്തപുരം ചെന്തിട്ട സർക്കിൾ ഓഫീസിലെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.സി.എം ഫിറോസിന്റെ മേൽനോട്ടത്തിലുള്ള ജീവനക്കാരിൽ ശിപായി ശ്രീ വി.ശിവശങ്കരൻ നായർ അനധികൃതമായി അവധിയിലായിരുന്നതും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ അനിൽ കുമാറിന്റെ കൈവശം കണക്കിൽപ്പെടാത്ത 500/- രൂപ ഉണ്ടായിരുന്നതും സ്റ്റോക്ക് രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ എന്നിവ ശരിയായി പരിപാലിക്കാതിരുന്നതും, പേഴ്സണൽ കാഷ് രജിസ്റ്റർ, നോട്ടീസ് രജിസ്റ്റർ, എന്നിവ കൃത്യമായി സൂക്ഷിക്കാതിരുന്നതും അറ്റൻഡർ ശ്രീ വിജയൻ ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള ഏജന്റായി പ്രവർത്തിച്ച് വരുന്നതും വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിരുന്നു. കൂടാതെ ഓഫീസ് പരിധിയിൽ വിജിലൻസ് ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ലാത്തതുമാണ്. ആയത് ശ്രീ.സി.എം.ഫിറോസിന്റെ മേൽനോട്ടക്കുറവായതിനാലാണ് ടിയാന് കുറ്റാരോപണ മെമ്മോ / പത്രിക നൽകിയിട്ടുള്ളത് .

3. കുടുംബശ്രീയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ സി.എം.ഫിറോസ് തിരുവനന്തപുരം കോർപ്പറേഷനിൽ സേവനത്തിൽ പ്രവേശിച്ച് 14 ദിവസത്തിനകമാണ് വിജിലൻസ് പരിശോധന നടന്നതെന്നും അറ്റൻഡൻസ് രജിസ്റ്റർ മുൻകാലങ്ങളിൽ സൂക്ഷിച്ചിരുന്നതു പ്രകാരം തന്നെ തുടർന്നുവരികയായിരുന്നുവെന്നും ശ്രീ ശിവശങ്കരൻ നായർ അന്നേദിവസം ജോലിക്ക് ഹാജരാകാത്തതും പിറ്റേന്ന് ലീവ് ലെറ്റർ തുടർനടപടികൾക്കായി മേൽ ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണെന്ന് ശ്രീ. സി.എം.ഫിറോസ് ലഭ്യമാക്കിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ശ്രീ. അനിൽകുമാറിന്റെ പക്കൽ നിന്നും കണക്കിൽപ്പെടാത്ത തുക കണ്ടെത്തിയതിനെപ്പറ്റിയും ശ്രീ.വിജയനെ സംബന്ധിച്ച വിഷയത്തിലും ടിയാന് യാതൊരു ധാരണയും ഇല്ലാത്തതാണെന്നും ബോധിപ്പിച്ചിരുന്നു .

4. പേഴ്സണൽ കാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നതിന് പിന്നീട് നടപടി സ്വീകരിച്ചുവെന്നും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളതാണെങ്കിലും പുതുതായി അനുവദിച്ച കമ്പ്യൂട്ടറിന്റെ അനുബന്ധ സാമഗ്രികൾ കൂടി ലഭിക്കുവാൻ കാത്തിരുന്നതിനാലാണ് ആയത് ചേർക്കാൻ കഴിയാതെ പോയതെന്നും ശ്രീ സി.എം.ഫിറോസ് മറുപടിയിൽ സൂചിപ്പിക്കുന്നു. നോട്ടീസ് നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ നോട്ടീസ് സംബന്ധിച്ച വിവരങ്ങൾ ചേർത്തിരുന്നുവെന്നും എന്നാൽ നോട്ടീസിന് ആസ്പദമായ കാരണങ്ങൾ തുടർന്ന് ചേർത്തിട്ടുള്ളതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിരുന്നു. വിജിലൻസ് ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനായി മെയിൻ ഓഫീസിൽ റിപ്പോർട്ട് നൽകി ആയത് സ്ഥാപിച്ചിട്ടുണ്ടെന്നും ഫീൽഡ് ജോലികൾ വളരെയേറെ ഉണ്ടായിരുന്നതുകൊണ്ടുണ്ടായ പോരായ്മകൾ പരിഹരിക്കുന്നതിന് ശ്രമിച്ചിട്ടുള്ളതു കണക്കിലെടുത്ത് തുടർനടപടികൾ ഒഴിവാക്കണമെന്നും ശ്രീ.സി.എം.ഫിറോസ് അപേക്ഷിച്ചിരുന്നു .

5. ശ്രീ വി . ശിവശങ്കരൻ നായർ വിജിലൻസ് പരിശോധനാ ദിവസം അനധികൃതമായി ഓഫീസിൽ ഹാജരായിരുന്നില്ലായെന്ന് കണ്ടെത്തിയതിനാലാണ്

ടിയാന് കുറ്റാരോപണ മെമ്മോ / പത്രിക നൽകിയിട്ടുള്ളത്.

6. വിജിലൻസ് പരിശോധനാ ദിവസമായ 27.02.2012- ൽ ശ്രീ വി. ശിവശങ്കരൻനായർ അസുഖമായി കിടപ്പിലായിരുന്നുവെന്നും ആയത് അന്നേ ദിവസം ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ.ഫിറോസിനെ അറിയിച്ചിരുന്നുവെന്നും ടി ദിവസം കാഷ്വൽ ലീവായി പരിഗണിച്ചിട്ടുള്ളതുമാണ്. ടിയാൻ അവധി ദിവസങ്ങളിൽ പോലും ജോലി നോക്കിയിരുന്നതായും കഴിഞ്ഞ 2 6 വർഷമായി യാതൊരു ആരോപണവും ഉണ്ടായിട്ടില്ലെന്നും മനഃപൂർവ്വം ഹാജരാകാതിരുന്നതല്ല എന്നത് പരിഗണിച്ച് നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ വി. ശിവശങ്കരൻനായർ അപേക്ഷിച്ചിരുന്നു .

7. ശ്രീ സി. എം ഫിറോസ്, ശ്രീ ശിവശങ്കരൻ നായർ,എന്നിവരുടെ ഭാഗത്തുനിന്നും മനഃപൂർവ്വമല്ലാതെയുണ്ടായ വീഴ്ചകളാണ് സംഭവിച്ചിട്ടുള്ളതെന്ന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരുടെ വീഴ്ചകൾ മാപ്പാക്കാവുന്നതാണെന്ന് കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ അറിയിച്ചിരുന്നു .

8. നഗരകാര്യഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, നോട്ടീസ് രജിസ്റ്റർ എന്നിവ യഥാവിധി സൂക്ഷിക്കാത്തത് ന്യായീകരിക്കാനാവാത്തതും ഇത്തരം വിഷയത്തിലുള്ള മേൽനോട്ടക്കുറവ് ശ്രീ സി.എം.ഫിറോസിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയുമാണ്. രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ സി.എം.ഫിറോസിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചകൾ നീതികരിക്കാനാവാത്തതാണെങ്കിലും ടിയാൻ 31.07.2016- ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ മാനുഷിക പരിഗണനയുടെ പേരിൽ ആയത് മാപ്പാക്കാവുന്നതാണ് ഓഫീസ് അറ്റൻഡന്റായ ശ്രീ ശിവശങ്കരൻനായർ 30.11.2017 സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതും ടിയാൻ വിജിലൻസ് പരിശോധനാദിവസം ഓഫീസിൽ ഹാജരാകാതിരുന്നത് ടിയാന്റെ മറുപടി പരിഗണിച്ച് മാപ്പാക്കാവുന്നതുമാണ് എന്നും നഗരകാര്യഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

9. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ടിന്റെയും ജീവനക്കാരുടെ മറുപടിയുടെയും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ സി. എം ഫിറോസിന്റെ ഭാഗത്തുനിന്നും മേൽനോട്ടകുറവ് എന്ന ആരോപണം മാത്രമാണുള്ളത് എന്നതിനാലും, 31.07.2016- ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും ടിയാനെതിരായ തുടർനടപടികൾ ഒഴിവാക്കാവുന്നതാണെന്ന് കാണുന്നു. കൂടാതെ 30.11.2017 സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള ഓഫീസ് അറ്റൻഡന്റായ ശ്രീ ശിവശങ്കരൻനായർ വിജിലൻസ് പരിശോധനാ ദിവസം ഓഫീസിൽ ഹാജരാകാതിരുന്നത് അസുഖമായിരുന്നതിനാലാണ് എന്ന ടിയാന്റെ മറുപടി

പരിഗണനാർഹമാണ്.

10. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം നഗരസഭയിലെ ചെന്തിട്ട സർക്കിൾ ഓഫീസിൽ വിജിലൻസ് ആന്റി ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ശ്രീ സി . എം ഫിറോസ് , ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, ശ്രീ ശിവശങ്കരൻ നായർ ഓഫീസ് അറ്റൻഡന്റ് എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ട് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ സി . എം ഫിറോസ് , ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II,തിരുവനന്തപുരം.

നഗരസഭ(നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീ ശിവശങ്കരൻ നായർ ഓഫീസ് അറ്റൻഡന്റ്, തിരുവനന്തപുരം നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ